# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൊന്നാനി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM21/1706/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/07/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പൊന്നാനി മുനിസിപ്പാലിറ്റി

സർ,

വിഷയം : പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3.റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട്, (ഉപരിപത്രം സഹിതം)
4.സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

5.കാര്യാലയ പകർപ്പ്

നമ്പർ: KSAMPM21/1706/2022 തീയ്യതി: 30/07/2022

## മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-10-2020 മുതൽ 03-07-2022 തീയതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കലുകളും പരിശോധനയ്ക്ക് വിധേയമാക്കി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീശ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-07-2022 | 23-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-07-2022 | 23-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. മുഹമ്മദ് കുഞ്ഞി | ചെയർമാൻ | 01-04-2019 | 31-03-2020 |
| ശ്രീ. എസ്.എ വിനോദ് കുമാർ | സെക്രട്ടറി | 01-04-2019 | 15-09-2019 |
| ശ്രീ. ആർ. പ്രദീപ് കുമാർ | സെക്രട്ടറി | 16-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. ഫിബി മോൾ പി.പി | മെഡിക്കൽ ഓഫീസർ ആയുർവേദം (ഡിസ്പെൻസറി) | 01-04-2019 | 31-03-2020 |
| ഡോ. ജെനി പി | മെഡിക്കൽ ഓഫീസർ ആയുർവേദം (ഹോസ്പിറ്റൽ) | 01-04-2019 | 31-03-2020 |
| ഡോ. അനൂപ് പി.വി | മെഡിക്കൽ ഓഫീസർ ഹോമിയോ (ഡിസ്പെൻസറി) | 01-04-2019 | 31-03-2020 |
| ഡോ. ഷാജ്കുമാർ എ | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 01-04-2019 | 31-03-2020 |
| ശ്രീ. സുരേഷ് കുമാർ ജെ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. സ്വാമിനാഥൻ എം | ഹെൽത്ത് ഓഫീസർ(മുനിസിപാലിറ്റി) | 01-04-2019 | 31-03-2020 |
| ശ്രീ. മധു | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കന്ററി സ്കൂൾ , തൃക്കാവ് | 01-04-2019 | 31-03-2020 |
| ശ്രീ. ജ്യോതി സാഗർ പി.വി | പ്രൊജക്ട് ഓഫീസർ അർബൻ പോവർട്ടി അല്ലീവിയേഷൻ സെൽ | 01-04-2019 | 31-03-2020 |
| ഡോ. നഹീൽ | വെറ്ററിനറി സർജൻ(വെറ്ററിനറി ഡിസ്പെൻസറി) | 01-04-2019 | 31-03-2020 |
| ഡോ. സിനി കുമാരൻ വി | സീനിയർ വെറ്ററിനറി സർജൻ(വെറ്ററിനറി ഹോസ്പിറ്റൽ) | 01-04-2019 | 31-03-2020 |
| ശ്രീ. സുലൈമാൻ എ.എ | സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫ് ഫിഷറീസ് | | |
| ശ്രീമതി. ലിവ്യ ലാൽജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. മുഹമ്മദ് കോയ ബി.പി | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2019 | 01-01-2020 |
| ശ്രീ. സലീം പി.എസ് | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | 02-01-2020 | 31-03-2020 |
| ശ്രീ. മുഹമ്മദ് ഫവാസ് പി.എ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഷബീർ പി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീ. മുനീർ റഹ്മാൻ വലകുണ്ടിൽ | എസ്.സി.ഡി.ഒ | 01-04-2019 | 15-09-2019 |
| ശ്രീ. ഫിലിപ്പ് കെ മാത്യൂ എസ് | എസ്.സി.ഡി.ഒ | 16-09-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 19-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Abdul Sathar C.P (Audit Officer, On 22-07-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗ പത്രിക<br>Written By: Idrees Abdulla A.C. (Auditor, On 19-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 19-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-10 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-11 |
| 13 | സർക്കാറിലേക്കുള്ള ഫീസ് അടവാക്കാതെ കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചു.<br>Written By: Idrees Abdulla A.C. (Auditor, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-12 |
| 14 | ഡ്രൈനേജ് നിർമ്മാണം അധികം തുക നൽകി<br>Written By: Abdul.Gafoor.C (Asst. Audit Officer, On 14-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-13 |
| 15 | കരാർ വെക്കാൻ വൈകിയത് പിഴ ഈടാക്കിയില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 14-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-14 |
| 16 | പ്രവൃത്തി വൈകി പൂർത്തീകരിച്ചത് -പിഴ ഈടാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 14-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-15 |
| 17 | അനുപൂരക പോഷകാഹാരം-ജി.എസ്.ടി-ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. | 1-16 |

| | | |
|---|---|---|
| | Written By: Prasad (Audit Officer, On 24-07-2022)<br>Last Updated By: Prasad (Audit Officer, On 24-07-2022) | |
| 18 | ജി.എസ്.ടി-ടി.ഡി.എസ്. ഈടാക്കിയിട്ടില്ല.<br>Written By: Prasad (Audit Officer, On 18-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-16-1 |
| 19 | അനുപൂരക പോഷകാഹാര പദ്ധതി - അപാകതകൾ<br>Written By: Prasad (Audit Officer, On 18-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-16-2 |
| 20 | വാടക അടവാക്കിയിട്ടില്ല<br>Written By: Sujitha.P.K (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-17 |
| 21 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി- ഗ്യാരണ്ടി പിരീഡിൽ കേടായ ബൾബുകൾ മാറ്റി ലഭിക്കാത്തത്.<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 23-07-2022) | 1-18 |
| 22 | തെരുവുവിളക്കുകളുടെ വാർഷിക മെയിന്റനൻസ് -അപാകതകൾ<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-19 |
| 23 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ്- വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-07-2022) | 1-20 |
| 24 | താൽക്കാലിക മുൻകൂറുകൾ  ക്രമീകരിക്കാൻ അവശേഷിക്കുന്നു.<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-21 |
| 25 | ഹരിതകർമ്മസേന- അപാകതകൾ<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-07-2022) | 1-22 |
| 26 | വൃദ്ധർക്ക് കട്ടിൽ വിതരണം -വാങ്ങിയ കട്ടിലുകൾ മുഴുവൻ വിതരണം ചെയ്തില്ല.<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-23 |
| 27 | ഓപ്പൺ മൈൻഡ് റിസർച്ച് ട്രെയിനിംഗ് സർവ്വേയും പരിശീലനവും - ഫോളോ അപ് വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-24 |
| 28 | സെക്രട്ടറിയുടെ ചെലവുകൾക്ക് വൗച്ചറുകളുടെ സൂക്ഷിപ്പിൽ അക്കൗണ്ട്സ് ചട്ടങ്ങൾ പാലിക്കുന്നില്ല<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-25 |
| 29 | AUGES-ആക്ഷൻ പ്ലാൻ പ്രകാരം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനായില്ല.<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-26 |
| 30 | തൊഴിൽ നികുതി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Sujitha.P.K (Auditor, On 24-07-2022)<br>Last Updated By: Sujitha.P.K (Auditor, On 24-07-2022) | 1-27 |
| 31 | മരുന്ന് ലഭ്യമായിട്ടില്ല<br>Written By: Sujitha.P.K (Auditor, On 24-07-2022)<br>Last Updated By: Sujitha.P.K (Auditor, On 24-07-2022) | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഡ്രൈനേജ് നിർമ്മാണം അധികം തുക നൽകി<br>Written By: Abdul.Gafoor.C (Asst. Audit Officer, On 14-07-2022) | 3-1 |

| | | |
|---|---|---|
| | Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 11-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 11-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Satheesh Maveli (Senior Deputy Director, On 30-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 19.02.2019 ലെ തീരുമാനം നമ്പർ (1) | 27.03.2020 ലെ തീരുമാനം നമ്പർ (1) |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2019-20 | 31-07-2020 | 20.10.2020 |

വാർഷിക ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7,94,81,927.92 |
| വരവ് | 40,74,90,735 |
| ആകെ | 48,69,72,662.92 |
| ചെലവ് | 39,01,49,898 |
| നീക്കിയിരിപ്പ് | 9,68,22,764.92 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 7,38,66,238 | 73866238 | 5,36,86,013 | 2,01,80,225 |
| വികസന ഫണ്ട് (SCP) | 0 | 2,42,49,000 | 24249000 | 1,14,11,547 | 1,28,37,453 |
| വികസന ഫണ്ട് (TSP) | 0 | 0 | 0 | 0 | |
| സെൻട്രൽ ഫിനാൻസ് ഗ്രാന്റ് Un Tied | 0 | 12,70,10,000 | 127010000 | 3,43,77,863 | 9,26,32,137 |
| സെൻട്രൽ ഫിനാൻസ് ഗ്രാന്റ് Tied | 0 | 1,61,81,968 | 16181968 | 48,69,816 | 1,13,12,152 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 1,58,19,000 | 15819000 | 18,24,730 | 1,39,94,270 |
| മെയിന്റനൻസ് ഫണ്ട് -റോഡിതരം | 0 | 2,18,77,000 | 21877000 | 1,03,50,631 | 1,15,26,369 |
| ബി ഫണ്ട് | 0 | 6,20,53,520 | 62053520 | 6,20,53,520 | 0 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രിക

താഴെ പറയുന്ന ഫണ്ടുകളുടെ ചെലവ് തുക എ.സി.ആർ, ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | എ.സി.ആർ പ്രകാരം | യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഡെവലപ്പ്മെന്റ് ഫണ്ട്(ജനറൽ) | 5,36,86,013 | 6,68,90,380 | 1,32,04,367 |
| ഡെവലപ്പ്മെന്റ് ഫണ്ട്(എസ്.സി.പി) | 1,14,11,547 | 1,22,51,547 | 8,40,000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 432 | 36,65,35,515 | 184 | 13,42,11,326 | - | 248 | 43% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ & ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 1824503 | 0 | 1824503 | 1421141 | 403362 |

കുറിപ്പ്

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വരവ്/ചെലവ് കണക്കുകൾ വാർഷിക പദ്ധതി, ക്യാഷ് ബുക്ക് എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല

| | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് ബുക്ക് പ്രകാരം | 1622100 | 5067516 | 6689616 | 13989792 | -7300176 |
| വാർഷിക കണക്ക് പ്രകാരം | 1824503 | 0 | 1824503 | 1421141 | 403362 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 121920 | 132 |
| കർഷകതൊഴിലാളി പെൻഷൻ | 1750200 | 90 |
| വിധവാ പെൻഷൻ | 19806000 | 104 |
| വാർദ്ധക്യകാല പെൻഷൻ | 31147200 | 1622 |
| വികലാഗ പെൻഷൻ | 6377600 | 1105 |
| വിവാഹ ധനസഹായം | 1620000 | 54 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 930600 | 49 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2022 ന് 4:00 Pm സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 52170/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2.നഗരാസൂത്രണം, പൊതുഭരണവും ധനകാര്യവും വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല.
3.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4.മാസ്റ്റർ ഇൻക്യംപൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
5.കേന്ദ്രീകൃത സ്റ്റോക്ക് രജിസ്റ്റർ,സൂചിക സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
6.സെക്രട്ടറി പ്രൊജക്ട രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ എന്നിവയിൽ പദ്ധതി വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.
7.സെക്രട്ടറി വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല.
8.പ്രൊജക്ട് മോണിറ്ററിംഗ് രേഖകൾ ഇല്ല. സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തിയത് സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല. പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലും മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടില്ല.

9. കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം കളക്ട് ചെയ്യുന്നത് ആധികാരികമായ റസീറ്റുകൾ മുഖേനയല്ല. ഗുണഭോക്താക്കൾക്ക് വെള്ളക്കടലാസിൽ കൈപ്പറ്റ് നൽകുന്നതായി കാണുന്നു.ആയതിനാൽ എത്ര രൂപ ഗുണഭോക്തൃവിഹിതം ശേഖരിച്ചുവെന്നത് സംശയാസ്പദമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.09.2020 | 2018-19 | 30.12.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.01.2021 | 2017-18 To 2019-20 | 19.04.2021 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1) സ്റ്റോക്ക്-സ്റ്റോർ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയെങ്കിലും സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

2) വാർഷിക കണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം 10256612/- രൂപ ബാലൻസ് ഉണ്ട്. എന്നാൽ ഇത് സംബന്ധിച്ച് അഡ്വാൻസ് രജിസ്റ്ററിൽ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.

3) വാർഷിക കണക്കിലെ B-7 ഷെഡ്യൂൾ പ്രകാരം 10930483/- രൂപ ബാലൻസ് ഉണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഡെപോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

4) വാർഷിക കണക്കിലെ B-12 ഷെഡ്യൂൾ പ്രകാരം ആകെ 47980509/- രൂപ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ നീക്കിയിരിപ്പുണ്ട് , ഇതിൽ 500000/-രൂപയുടെ ഇക്വിറ്റി ഷെയറുകൾ സംബന്ധിച്ച് ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല.

5) ഓഡിറ്റ് റിക്കവറി ഇനത്തിൽ രജിസ്റ്റർ പ്രകാരം 57940/- രൂപ വരവുണ്ട്. എന്നാൽ വാർഷികകണക്കിൽ ആയത് ഉൾപ്പെട്ടിട്ടില്ല.

6) അസി. എഞ്ചിനിയറുടെ പേരിലുള്ള SBI അകൗണ്ടിൽ (നമ്പർ- 67103971015 ) 4062387.25 /-രൂപ ബാലൻസ് ഉണ്ട്. എന്നാൽ ആയത് വാർഷികകണക്കിൽ ഉൾപ്പടുത്തിയിട്ടില്ല.

7) വാർഷികകണക്ക് പ്രകാരം Profession Tax Employees ഇനത്തിൽ 4698627/-രൂപ വരവുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഡി.സി.ബി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8) Development Fund (General) വരവ് തുക AFS, ACR എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | |
|---|---|
| AFS പ്രകാരം | 53666013/- |
| ACR പ്രകാരം | 53686013 |
| വ്യത്യാസം -20000 | |

9) വാർഷികകണക്ക് പ്രകാരം ലോൺ ഇനത്തിൽ വരവ്/തിരിച്ചടവ് ഇല്ല എന്നാൽ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം

2019-20 വരെ 169312000/-വരവും 12226667/-രൂപ തിരിച്ചടവും ഉണ്ട്.

10) ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്ക് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

11.അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വരവ്/ചെലവ് കണക്കുകൾ വാർഷിക പദ്ധതി, ക്യാഷ് ബുക്ക് എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല

| | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് ബുക്ക് പ്രകാരം | 1622100 | 5067516 | 6689616 | 13989792 | -7300176 |
| വാർഷിക കണക്ക് പ്രകാരം | 1824503 | 0 | 1824503 | 1421141 | 403362 |

12) Excess Of Income Over Expenditure എന്ന ഹെഡിലെ 31.03.2020ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 2020-21ലെ ട്രയൽ ബാലൻസിലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| ശീർഷകം | 31.3.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക | 2019-20 ലെ ട്രയൽ ബാലൻസിലെ മുന്നിരിപ്പ് തുക |
|---|---|---|
| 310900100-Excess Of Income Over Expenditure | 74919231 | 74989231 |

13) സെൻട്രൽ ഫിനാൻസ് കമ്മീഷൻ (Tied) ഗ്രാന്റ് ചെലവ് തുക ACR, AFS എന്നിവയിൽ പൊരുത്തപ്പെടുന്നില്ല.

| ACR പ്രകാരം | AFS പ്രകാരം | വ്യത്യാസം |
|---|---|---|
| 4869816 | 4106108 | 763708 |

## 1-12 സർക്കാറിലേക്കുള്ള ഫീസ് അടവാക്കാതെ കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചു.

ശ്രീമതി. മുംതാസ് & ശ്രീമതി. കദീജ കുട്ടിയമരക്കാരകത്ത് എന്നിവർക്ക് 27.12.2019 ലെ പെർമിറ്റ് നമ്പർ E3-150/2019-20 പ്രകാരം പൊന്നാനി താലൂക്കിലെ ഈഴവതിരുത്തി വില്ലേജിൽ 182/2 സർവ്വേ നമ്പർ ഭൂമിയിൽ 9018.11 ച.അടി വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് സെക്രട്ടറി അനുമതി നൽകിയിരുന്നു. മേൽ പറഞ്ഞ സർവ്വേ നമ്പറിലുള്ള ഭൂമി തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 16.09.2019 ലെ കെ-11105/2018 നമ്പർ ഉത്തരവ് പ്രകാരം സ്വഭാവ വ്യതിയാനം വരുത്തിയിട്ടുള്ളതാണ്.

സ്വഭാവ വ്യതിയാന ഉത്തരവ് പ്രകാരം ഈ ഭൂമിയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണം അധികരിക്കുന്നത് കൊണ്ടോ മറ്റെന്തെങ്കിലും നിലക്കോ അപേക്ഷൻ സർക്കാരിലേക്ക് അടക്കുവാൻ ബാക്കി വരുന്ന തുക അടവാക്കി എന്ന് മുനിസിപ്പൽ സെക്രട്ടറി കെട്ടിട നിർമ്മാണ അനുമതി നൽകുമ്പോൾ ഉറപ്പാക്കണം എന്ന നിബന്ധനയോടെ 5371.12 ച.അടി കെട്ടിടം നിർമ്മിക്കുന്നതിന് 12.79 ആർ ഭൂമിയാണ് തരം മാറ്റിയിട്ടുള്ളത്.

12.79 ആർ ഭൂമി തരം മാറ്റുന്നതിന് 5,84,990/- രൂപയും, ഈ ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടം 3000 ച.അടിയിൽ കൂടുതൽ ആയതിനാൽ, 3000 ച.അടിയിൽഅധികമായി വരുന്ന ഓരോ ച.അടിക്കും 100/-രൂപ നിരക്കിൽ 5371.12 ച.അടി കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാരിലേക്കുള്ള ഫീസായി 2,37,112/-രൂപയും((5371.12-3000)*100=237112) ഉൾപ്പെടെ 8,22,102/- രൂപ KL 005613969201920M/02.08.2019 ചലാൻ പ്രകാരം അടവാക്കിയിട്ടുണ്ട്.

എന്നാൽ മുനിസിപ്പാലിറ്റി, തരം മാറ്റൽ ഉത്തരവിലെ വ്യവസ്ഥ പാലിക്കാതെ 9018.11 ച.അടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി. വ്യവസ്ഥ പ്രകാരം 5371.12 ച.അടിയിൽ കവിഞ്ഞ് അനുമതി നൽകിയ 3646.99ച.അടിക്ക് 100/-രൂപ നിരക്കിൽ 364699/-രൂപ സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു. ഈ തുക സർക്കാരിലേക്ക് അടക്കാതെയാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.06/2019-20 തിയ്യതി -13.07.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഡ്രൈനേജ് നിർമ്മാണം അധികം തുക നൽകി

2019-20 -ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപറയുന്ന പ്രവൃത്തികൾക്ക് ഡ്രൈനേജിനുള്ള സ്ളാബിന് Centering And Shuttering ന് 5.9.1 പകരം Suspended Floor,landings,balconies എന്നിവക്കുള്ള നിരക്കായ DSR 5.9.3വരെയുള്ള നിരക്കാണ് നൽകിയിട്ടുള്ളത്.പ്രസ്തുത നിരക്കിൽ Adjustable Telescopic Prop നുള്ള തുക കൂടി ഉൾപ്പെടുന്നുണ്ട്.ആയത് താരതമ്യേന ഉയരം കുറവുള്ള ഡ്രൈനേജ് നിർമ്മാണത്തിനുള്ള സ്ളാബിൽ ഉപയോഗിക്കാൻ കഴിയില്ല.നഗരസഭയിൽ തന്നെ നടപ്പിലാക്കിയ നഗരസഭയിലെ വിവിധ ഓടകൾക്ക് കവറിംഗ് സ്ളാബ് ഇടൽ (പ്രൊജക്ട് നം.399/20)എന്ന പദ്ധതിക്ക് 5.9.1 ലെ നിരക്കാണ് നൽകിയിട്ടുള്ളത് .തുക അധികം നൽകിയ തിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

1.വില്ലേജ് റോഡ് മുതൽ കാന നിർമ്മാണവും സ്ളാബ് ഇടലും

336/20

ഫയൽ E1-12043/18

അടങ്കൽ-101000

ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ്

ബിൽ നം.BRN 19150447000800188829/1.6.2019

കരാറുകാരൻ -റിജിൻ.എ

എം.ബുക്ക് -143/18-19

എഗ്രിമെന്റ് .71/18-19 തി.25.9.18

Cost Index 37.25%

| Item (DSR 2016) | നൽകിയത് | നൽകാവുന്ന നിരക്ക് | അധികം |
|---|---|---|---|
| Item 6<br>Cover Slab<br>73.50m2 | 73.5x490=36015<br>(15.4% Below Of 579.61) | 73.5x225.2=16552 | 19463 |

2.വിവിധ വാർഡുകളിലെ ഓടകൾക്ക് കവറിംഗ് സ്ളാബിടലും അറ്റകുറ്റ പണിയും

435/20

ഫയൽ E1-16783/18

അടങ്കൽ-498000

ഫണ്ട്-തനത് ഫണ്ട്

ചെക്ക് നം .5159051/15.6.19 225630/-

ചെക്ക് നം. 2785466/21.5.20 269411/-

കരാറുകാരൻ -കെ.വി ഫിറോസ്

എം.ബുക്ക് -86/18-19

എഗ്രിമെന്റ് .83/18-19 തി.23.10.18

Cost Index 37.25%

| Item (DSR 2016) | നൽകിയത് | നൽകാവുന്ന നിരക്ക് | അധികം |
|---|---|---|---|
| Item 1<br>Cover Slab<br>103.1m2 | 103.1x579.61=59757<br>(എസ്റ്റിമേറ്റ് റേറ്റ്) | 103.1x266.2=27445 | 32312 |

3.പടുന്നവളപ്പിൽ വീട് മുതൽ തണ്ടലത്ത് വീട് വരെ കോൺക്രീറ്റിംഗും കാന നിർമ്മാണവും

403/20

ഫയൽ E1-12148/18

അടങ്കൽ-454000

ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ്

ബിൽ നം.BRN 19150447000800780696/6.11.19

കരാറുകാരൻ -പി.പി അബ്ദുൾസത്താർ

എം.ബുക്ക് -31/18-19

എഗ്രിമെന്റ് .74/18-19 തി.26.9.18

Cost Index 37.25%

| Item (DSR 2016) | നൽകിയത് | നൽകാവുന്ന നിരക്ക് | അധികം |
|---|---|---|---|
| Item 6<br>Cover Slab<br>70.21m2 | 70.21x579.61=40694<br>(എസ്റ്റിമേറ്റ് നിരക്ക്) | 70.21x266.2=18689 | 22005 |

4.എ.യു.പി സ്കൂളിന് പിൻവശം റോഡ് കോൺക്രീറ്റിംഗ്

319/20

ഫയൽ E1-16787/18

അടങ്കൽ-760000

ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ്

ബിൽ നം.BRN 19150447000800188817/19.6.2019

കരാറുകാരൻ -ടി.വി.ഷാനു

എം.ബുക്ക് -151/18-19

എഗ്രിമെന്റ് .81/18-19 തി.23.10.18

Cost Index 37.25%

| Item (DSR 2016) | നൽകിയത് | നൽകാവുന്ന നിരക്ക് | അധികം |
|---|---|---|---|
| Item 7<br>Cover Slab<br>37.8m2 | 37.8x570=21546<br>(1.66% Below Of 579.61) | 37.8x261.79=9895.6<br>(1.66% Below Of 266.2) | 11650 |

5.ചെറുവായിക്കര ഫുട്പാത്ത് കാന നിർമ്മാണം

473/20

ഫയൽ E1-24842/18

അടങ്കൽ-500000

ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ്

ബിൽ നം.BRN 19150447000800780703/14.11.2019

കരാറുകാരൻ -റിജിൻ.എ

എം.ബുക്ക് -23/18-19

എഗ്രിമെന്റ് .169/18-19 തി.6.3.19

Cost Index 37.25%

| Item (DSR 2016) | നൽകിയത് | നൽകാവുന്ന നിരക്ക് | അധികം |
|---|---|---|---|

| | | | |
|---|---|---|---|
| Item 6<br>Cover Slab<br>54.60m2 | 54.60x544=29702<br>(6.15% Below Of 579.61) | 54.60x249.83=13640.71<br>(6.15% Below Of 266.20) | 16061 |

6.സേലംപടി ആറ്റുംപുറം ക്ഷേത്രം റോഡ് രണ്ടാം റീച്ച്

330/20/20

ഫയൽ E1-12677/18

അടങ്കൽ-910000

ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ്

ബിൽ നം.BRN 1915044700080018829/15.6.19

കരാറുകാരൻ -റിജിൻ.എ

എം.ബുക്ക് -135/18-19

എഗ്രിമെന്റ് .70/18-19 തി.25.9.18

Cost Index 37.25%

| Item (DSR 2016) | നൽകിയത് | നൽകാവുന്ന നിരക്ക് | അധികം |
|---|---|---|---|
| Item 8<br>Cover Slab<br>33.37m2 | 33.37x490=16351.3<br>(15.46% Below Of 579.61) | 33.37x225.05=7509.9<br>(15.46% Below Of 266.2) | 8841 |

7.ചെറിയച്ചംവീട്ടിൽ ഡ്രൈൻ ഫുട്പാത്ത്

440/20

ഫയൽ E1-19931/18

അടങ്കൽ-550000

ഫണ്ട്-തനത് ഫണ്ട്

ചെക്ക് നം.5159129/26.11.2019 526806/-

കരാറുകാരൻ -ഷാജേഷ്

എം.ബുക്ക് -06/19-20

എഗ്രിമെന്റ് .151/18-19 തി.18.2.2019

Cost Index 37.25%

| Item (DSR 2016) | നൽകിയത് | നൽകാവുന്ന നിരക്ക് | അധികം |
|---|---|---|---|
| Item 11<br>Cover Slab<br>46.64m2 | 46.64x579.61=27033<br>(എസ്റ്റിമേറ്റ് നിരക്ക്) | 46.64x266.2=12416 | 14617 |

തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 1/12.7.2022(19-20) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 124949 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ , സാങ്കേതിക അനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. വിശദ വിവരം ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

## 1-14 കരാർ വെക്കാൻ വൈകിയത് പിഴ ഈടാക്കിയില്ല.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിച്ചതായ അറിയിപ്പ് നോട്ടീസ് ( സെലക്ഷൻ നോട്ടീസ്) കൈപ്പറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് കരാർ ഒപ്പ് വെക്കണമെന്നും, 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ ഉടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി -മിനിമം 1000 പരമാവധി 25000 -കരാറുടമ്പടി വെക്കാം എന്നും കേരള പൊതു മരാമത്ത് മാന്വൽ ഖ. 2009-6 ൽ

വ്യക്തമാക്കിയിട്ടുള്ളതാണ്. സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയ്യതി നോട്ടീസ് കൈപറ്റിയ തീയ്യതിയായി കണക്കാക്കുന്നതാണ് എന്നും ഖണ്ഡികയിൽ ഉണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരക്കാരം വീട്ടിൽ പ്രമോദിന്റെ വീട് മുതൽ കക്കാട് ഗോപാലൻ വീട് വരെ കാന നിർമ്മാണം രണ്ടാം റീച്ചും,വാര്യത്ത് ടി റോഡ് കാന നിർമ്മാണവും (344/20) എന്ന പ്രവൃത്തി കരാർവെക്കാൻ വൈകിയതിന് കരാർ തുക(1322928)യുടെ 1% പിഴ ചുമത്താൻ 16.11.18ന് അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട് .1% പിഴ 13230 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 2/ 12.7.2022(19-20) നൽകിയതിന് - കരാറുകാരന് നോട്ടീസ് നൽകി തുക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. 13230 രൂപ ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്

## 1-15 പ്രവൃത്തി വൈകി പൂർത്തീകരിച്ചത് -പിഴ ഈടാക്കിയില്ല

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ, കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

താഴെ പറയുന്ന പ്രവൃത്തി കരാറുകാരന്റെ വീഴ്ച്ച മൂലം കരാർ കാലയളവിൽ പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരണ തിയ്യതി നീട്ടാൻ കരാറുകാരന്റെ അപേക്ഷ, AE യുടെ ശുപാർശ, മുനിസിപ്പാലിറ്റിയുടെ തീരുമാനം എന്നിവ ഫയലിൽ ലഭ്യമല്ല. ആയതിന് പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ വിവരം | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|---|
| 1 | വിവിധ വാർഡുകളിലെ ഓടകൾക്ക് കവറിംഗ് സ്ളാബിടലും അറ്റകുറ്റ പണിയും<br>435/20<br>ഫയൽ E1-16783/18<br>അടങ്കൽ-498000<br>ഫണ്ട്-തനത് ഫണ്ട്<br>ചെക്ക് നം .5159051/15.6.19 225630/-<br>ചെക്ക് നം. 2785466/21.5.20 269411/-<br>കരാറുകാരൻ -കെ.വി ഫിറോസ്<br>എം.ബുക്ക് -86/18-19<br>എഗ്രിമെന്റ് .83/18-19 തി.23.10.18<br>Cost Index 37.25%<br>PAC: 495041<br>സൈറ്റ് കൈമാറിയത്: 23.10.2018<br>പൂർത്തീകരിക്കേണ്ട തിയ്യതി: 23.1.2019 (3മാസം)<br>പൂർത്തീകരിച്ച തിയ്യതി: 15.10.2019 | ആകെ -23889<br>[le, 24.1.2019 To 23.4.19 (1%PAC)= 4950<br>24.04.19 To 23.07.19 (2%PAC-9900)<br>24.07.2019 To 15.10.2019 (2%PAC-9039) |

പിഴ ഈടാക്കാതെ കരാറുകാർക്ക് ഫൈനൽ ബിൽ അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.2/12.7.2022 ന് - കരാറുകാരന് കത്ത് നൽകി തുക നഗരസഭ ഫണ്ടിൽ ഒടുക്ക് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 അനുപൂരക പോഷകാഹാരം-ജി.എസ്.ടി-ടി.ഡി.എസ്. ഈടാക്കിയിട്ടില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്റ്റുകൾക്ക് ജി.എസ്.ടി.-ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ നല്കുന്നു.

### 1-16-1 ജി.എസ്.ടി-ടി.ഡി.എസ്. ഈടാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേരും പ്രോജക്റ്റ് നമ്പറും | അനുപൂരക പോഷകാഹാരം (എസ്.സി)<br>(55/2019-20) |
| നിർവ്വഹണോദ്യോഗസ്ഥ | ശ്രീമതി ലിവിയ ലാൽജി<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | 400000/- |
| ചെലവ് | 399227/-<br>ബിൽ നം. 8/19-20/25.10.2020 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാരം പദ്ധതി പ്രകാരം ജനകീയം കുടുംബശ്രീ യൂണിറ്റ്, ആലംങ്കോട് എന്ന സ്ഥാപനത്തിൽ നിന്നും താഴെപ്പറയുന്ന പട്ടിക പ്രകാരം 399227/-രൂപയുടെ പോഷകാഹാരം (THRS) വാങ്ങിയിട്ടുണ്ട്. നികുതി ഒഴികെയുള്ള പർച്ചേസ് തുക 250000 രൂപയിൽ അധികരിക്കുമ്പോൾ ജി എസ് ടി - ടിഡിഎസ് ആയി നികുതി കുറച്ചുള്ള തുകയിൽ നിന്നും 2% പിടിക്കേണ്ടതാണ്. (2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്.) എന്നാൽ പേയ്മെന്റ് നൽകിയപ്പോൾ ജി എസ് ടി-ടിഡിഎസ് ഈടാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ ബിൽ പ്രകാരം 5% GST ഉൾപ്പെടെയാണ് തുക നൽകിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| Invoice No,and Date | Kg. | Rate | Cost Of Nutrimix | Trans. Charge | CGST | SGST | Total Amount | Bill No./ Cheque No. |
|---|---|---|---|---|---|---|---|---|
| 124/20.08.2019 | 2907 | 70 | 203350 | 1452 | 5083 | 5083 | 214968 | 399227/-<br>8/19-20/<br>25.10.20 |
| 127/16.09.2019 | 2490 | 70 | 174300 | 1245 | 4357 | 4357 | 184259 | |
| | | | 377650 | | | | | |

നികുതികളും, കടത്തുകൂലിയും ഒഴിച്ചുള്ള തുകയായ 377650/-രൂപയ്ക്ക് ജി എസ് ടി- ടിഡിഎസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്ററിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (Audit Enquiry No. 9/19-20/18.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-16-2 അനുപൂരക പോഷകാഹാര പദ്ധതി - അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേരും പ്രോജക്റ്റ് നമ്പറും | അനുപൂരക പോഷകാഹാരം (ജനറൽ)<br>(22/19-20) |
| നിർവ്വഹണോദ്യോഗസ്ഥ | ശ്രീമതി ലിവിയ ലാൽജി,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | 12062923/-(വികസന ഫണ്ട്) |
| ചെലവ് | 11899324/-(വികസന ഫണ്ട്) |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാരം പദ്ധതിയിൽ പലവ്യഞ്ജനങ്ങൾ, കടത്തുകൂലി, പോഷകാഹാരം എന്നിവയ്ക്കുവേണ്ട് ആകെ 1,18,99,324/-രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം ജനകീയം കുടുംബശ്രീ യൂണിറ്റ്, ആലംങ്കോട് എന്ന സ്ഥാപനത്തിൽ നിന്നും താഴെപ്പറയുന്ന പട്ടിക

പ്രകാരം 18,51,797.5 /-രൂപയുടെ പോഷകാഹാരം (THRS) വാങ്ങിയിട്ടുണ്ട്. നികുതി ഒഴികെയുള്ള പർച്ചേസ് തുക 2,50,000 രൂപയിൽ അധികരിക്കുമ്പോൾ ജി എസ് ടി - ടിഡിഎസ് ആയി നികുതി കുറച്ചുള്ള തുകയിൽ നിന്നും 2% പിടിക്കേണ്ടതാണ്. (2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്.) എന്നാൽ പേയ്മെന്റ് നൽകിയപ്പോൾ ജി എസ് ടി- ടിഡിഎസ് ഈടാക്കിയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2019-20 സാമ്പത്തിക വർഷം ന്യൂട്രിമിക്സ് വാങ്ങിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| Invoice No, And Date | Kg. | Rate | Cost Of Nutrimix | Trans. Charge | CGST | SGST | Total Amount | Bill No./ Cheque No. |
|---|---|---|---|---|---|---|---|---|
| 37/22.12.18 | 2905 | 70 | 203350 | 1452 | 5083 | 5083 | 214968 | 7878001/- 3/19-20/ 31.05.19 |
| 41/17.01.2019 | 2490 | 70 | 174300 | 1245 | 4357 | 4357 | 184289 | |
| 46/12.02.19 | 2490 | 70 | 174300 | 1245 | 4357 | 4357 | 184289 | |
| 53/25.03.19 | 2905 | 70 | 203350 | 1452 | 5083 | 5083 | 214968 | |
| 58/25.04.19 | 2490 | 70 | 174300 | 1245 | 4357 | 4357 | 184259 | |
| 137/20.10.19 | 2490 | 70 | 174300 | 1245 | 4357 | 4357 | 184259 | 184259/- 21/19-20/ 21.12.19 |
